**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 554** **05-10-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ സംസ്കരണ വ്യവസായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ സംസ്കരണ വ്യവസായവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വിപുലമായ സാധ്യതകളാണ് നിലവിലുള്ളതെന്നതിനാൽ ഇത് ഫലപ്രദമായി നവസംരംഭകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഭക്ഷ്യ സംസ്കരണ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ശാസ്ത്രീയമായ രീതിയിൽ ഭക്ഷ്യസംസ്കരണം നടത്തി വിപണിയിൽ എത്തിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് അറിയിക്കുമോ? | (ബി) | കേരളത്തിലും പുറത്തും പ്രവർത്തിച്ച വരുന്ന വിവിധ ഭക്ഷ്യ സംസ്കരണ ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെയും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേനയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെണർഷിപ്പ് ഡെവലപ്പ്മെന്റ് (KIED) മുഖേനയും വിവിധ പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. ഈ ഗവേഷണ സ്ഥാപനങ്ങളിലെ ഇൻകുബേഷൻ സൗകര്യം ഫലപ്രദമായി ഉപയോഗിക്കാനുള്ള സഹായം സംരംഭകർക്ക് നൽകി വരുന്നുണ്ട്. കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കിങ്ങ് ചെന്നൈ, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക്ക് എഞ്ചിനിയറിങ്ങ് അന്റ് ടെക്നോളജി മുതലായ സ്ഥാപനങ്ങളുമായി ചേർന്ന് നൂതന പാക്കിങ്ങ്, ബ്രാൻഡിങ്ങ് തുടങ്ങിയവ ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭകർക്ക് പരിചയപ്പെടുത്തുന്നു. ഇത് കൂടാതെ പാക്കിങ്ങ്, സംസ്കരണം മുതലായ മേഖലകളിലെ നൂതന യന്ത്രങ്ങൾ പരിചയപ്പെടുത്താൻ സംസ്ഥാന തലത്തിൽ മെഷീനറി എക്സ്പോ നടത്തി വരുന്നു. ഇതിന് പുറമേ ജില്ലകളിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉല്പ്പന്നങ്ങൾ വിപണനം ചെയ്യാനായി എം.എസ്.എം.ഇ എക്സിബിഷനും, സംസ്ഥാന തലത്തിൽ ഭക്ഷ്യ സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളുടെ ഉല്പ്പന്നങ്ങളുടെ പ്രദർശന വിപണനത്തിനായി അഗ്രോ ഫുഡ് പ്രോ എക്സിബിഷനും നടത്തി വരുന്നു. ഉൽപ്പാദന മേഖലയിലുള്ള സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന് മേൽ സാമ്പത്തിക സഹായം |

| | | | |
|---|---|---|---|
| | | | നൽകുന്ന പദ്ധതിയായ സംരംഭക സഹായ പദ്ധതി (ESS)യും സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) പദ്ധതിയും നടപ്പിലാക്കി വരുന്നു. എറണാകുളം കളമശ്ശേരിയിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് (കീഡ്) നടത്തുന്ന എറൈസ് പദ്ധതി വഴി ഭക്ഷ്യ സംസ്കരണത്തിലെ വിവിധ മേഖലകളിൽ സംരംഭകർക്ക് പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നിലവിലുള്ള സംരംഭകരെ നൂതന സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിന് സഹായിക്കുന്നതിന് ടെക്നോളജി ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ